REGIONAL NEWS UNIT, ALL INDIA RADIO, CALICUT

ആകാശവാണി

പ്രാദേശിക വാർത്തകൾ

തിയ്യതി: 19-04-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു. രാവിലെ 11 വരെ 30 ശതമാനത്തിനടുത്ത് പോളിംഗ്.
- കേരളത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണം തീവ്ര ഘട്ടത്തിലേക്ക്.
- കണ്ണൂർ ജില്ലയിൽ വീട്ടിൽ വോട്ടിംഗിന്റെ രഹസ്യ സ്വഭാവം പാലിക്കുന്നതിൽ വീഴ്ച വരുത്തിയ അഞ്ച് പോളിംഗ് ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ.
- താളമേള വർണ്ണ വിസ്മയങ്ങളുമായി തൃശ്ശൂർ പൂരം.
- ISL ഫുട്ബോൾ പ്ലേ ഓഫിൽ ഇന്ന് കേരളാബ്ലാസ്റ്റേഴ്സ് ഒഡീഷ FC-യെ നേരിടും.

## വാർത്തകൾ വിശദമായി

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ടത്തിൽ 102 മണ്ഡലങ്ങളിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു. തെരഞ്ഞെടുപ്പ് കമ്മീഷന്റെ കണക്ക് പ്രകാരം രാവിലെ 11 വരെ ത്രിപുരയിലാണ് ഏറ്റവും ഉയർന്ന പോളിംഗ് ശതമാനം - 34.54. പശ്ചിമ ബംഗാളിൽ 33.56 ശതമാനവും മേഘാലയയിൽ 33.12 ശതമാനവും പേർ വോട്ടു ചെയ്തു. ലക്ഷദ്വീപിലാണ് കുറഞ്ഞ പോളിംഗ് - 16.33 ശതമാനം. തമിഴ്നാട്ടിൽ 23.92 ശതമാനവും

പുതുച്ചേരിയിൽ 28.1 ഒരു ശതമാനവും പോളിംഗ് രേഖപ്പെടുത്തി.

17 സംസ്ഥാനങ്ങളിലും നാല് കേന്ദ്ര ഭരണ പ്രദേശങ്ങളിലുമാണ് ഇന്ന് വോട്ടെടുപ്പ്. 16 കോടി 63 ലക്ഷം പേർ 1,625 സ്ഥാനാർത്ഥികളുടെ രാഷ്ട്രീയ ഭാവി തീരുമാനിക്കും.

തമിഴ്നാട്ടിലെ 39, രാജസ്ഥാനിലെ 12, ഉത്തർപ്രദേശിലെ എട്ട് മധ്യപ്രദേശിലെ ആറ്, ഉത്തരാഖണ്ഡ്, അസം, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ അഞ്ച് വീതം, ബിഹാറിൽ നാല്, പശ്ചിമ ബംഗാളിൽ മൂന്ന്, അരുണാചൽ പ്രദേശ്, മണിപ്പൂർ, മേഘാലയ, എന്നിവിടങ്ങളിൽ രണ്ട് വീതം മണ്ഡലങ്ങൾ ഈ ഘട്ടത്തിൽ വിധിയെഴുതും. ലക്ഷദ്വീപ്, പുതുച്ചേരി, ഛത്തീസ്ഗഡ്, മിസോറം, നാഗാലാൻഡ്, സിക്കിം, ത്രിപുര, അന്തമാൻ നിക്കോബാർ ദ്വീപുകൾ, ജമ്മു കശ്മീർ, എന്നിവിടങ്ങളിൽ ഓരോ സീറ്റിലുമാണ് ഇന്ന് വോട്ടെടുപ്പ്. ഏഴ് ഘട്ടങ്ങളായാണ് ലോക്സഭയിലേക്ക് വോട്ടെടുപ്പ് പൂർത്തിയാക്കുന്നത്. വോട്ടെണ്ണൽ ജൂൺ നാലിനാണ്.

✪✪✪

രാജ്യത്തെ ഏറ്റവും ചെറിയ ലോകസഭാ നിയോജക മണ്ഡലമായ ലക്ഷദ്വീപിൽ രാവിലെ 7.30 ഓടെ വോട്ടെടുപ്പ് ആരംഭിച്ചു. 10 ദ്വീപുകളിലായി 55 പോളിംഗ് ബൂത്തുകളിലാണ് ലക്ഷദ്വീപിൽ വോട്ടിംഗ് നടക്കുന്നത്.

✪✪✪

കേരളത്തിലെ ലോക്സഭാ തെരഞ്ഞെടുപ്പിലേക്ക് ഒരാഴ്ച മാത്രം ശേഷിക്കെ മൂന്ന് മുന്നണികളും പ്രചാരണത്തിന്റെ തീവ്ര ഘട്ടത്തിലേക്ക്. മൂന്ന് മുന്നണികളുടെയും പ്രമുഖ നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്.

കോട്ടയം മണ്ഡലത്തിലെ NDA സ്ഥാനാർഥി തുഷാർ വെള്ളാപ്പള്ളിയ്ക്കായി, BJP ദേശീയ അധ്യക്ഷൻ J.P.നദ്ദ വൈകിട്ട് കോട്ടയത്ത് റോഡ് ഷോ നടത്തും. പിന്നീട് പാലക്കാട്, തിരുവനന്തപുരം ജില്ലകളിലും അദ്ദേഹം ഇന്ന് പ്രചാരണ സമ്മേളനങ്ങളിൽ സംസാരിയ്ക്കും.

കോട്ടയത്തെ LDF സ്ഥാനാർഥി തോമസ് ചാഴികാടന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് CPIM പൊളിറ്റ് ബ്യൂറോ അംഗം സുഭാഷിണി അലി രാവിലെ കുമരകത്തെത്തി. വൈകിട്ട് കുടമാളൂരിലും നാട്ടകത്തും അവർ പ്രസംഗിക്കും. തിങ്കളാഴ്ച വൃന്ദ കാരാട്ട്, പൊൻകുന്നം രാജേന്ദ്ര മൈതാനത്തു തെരഞ്ഞെടുപ്പ് സമ്മേളനത്തിൽ പങ്കെടുക്കും.

UDF സ്ഥാനാർഥി ഫ്രാൻസിസ് ജോർജിനായി നാളെ വൈകിട്ട്, കർണാടക മന്ത്രി K.J.ജോർജ്, പാമ്പാടി ബസ് സ്റ്റാൻഡ് മൈതാനത്ത് പ്രചാരണത്തിനെത്തും.

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കോഴിക്കോട്ട് LDF പ്രചാരണത്തിനെത്തി. കാക്കൂരിലായിരുന്നു ആദ്യ പരിപാടി.

കോൺഗ്രസ് സ്ഥാനാർത്ഥികളുടെ പ്രചാരണത്തിന് പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, AICC ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി, മുൻ കേന്ദ്രമന്ത്രി പി. ചിദംബരം, തെലങ്കാന

മുഖ്യമന്ത്രി രേവന്ത് റെഡ്ഡി, കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, തുടങ്ങിയ നേതാക്കൾ വരും ദിവസങ്ങളിൽ കേരളത്തിലെത്തും. നാളെ പ്രിയങ്ക, ചാലക്കുടി, പത്തനംതിട്ട, തിരുവനന്തപുരം മണ്ഡലങ്ങളിലെ പ്രചാരണ പരിപാടികളിൽ പങ്കെടുക്കുമെന്ന് KPCC രാഷ്ട്രീയ പ്രചാരണ സമിതിയധ്യക്ഷൻ രമേശ് ചെന്നിത്തല അറിയിച്ചതാണിത്. 24-ന് വയനാട്ടിലും പ്രിയങ്കയുടെ പ്രചാരണം ഉണ്ടാകും. രാഹുൽ ഗാന്ധി തിങ്കളാഴ്ച തൃശൂർ, കൊട്ടാരക്കര, ആലപ്പുഴ മണ്ഡലങ്ങളിൽ പ്രചാരണം നടത്തും.

✪✪✪

കേരളത്തിന്റെ പ്രശ്നങ്ങൾ പാർലമെന്റിൽ ഉന്നയിക്കുന്നതിൽ രാഹുൽ ഗാന്ധി ഉൾപ്പടെ കേരളത്തിലെ UDF എംപിമാർ തയാറായിട്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. LDF കോഴിക്കോട് ലോക്സഭാ മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് പൊതു യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. പ്രതിപക്ഷ കക്ഷി നേതാക്കളെ വലയിലാക്കാനാണ് കേന്ദ്ര ഏജൻസികൾ ശ്രമിക്കുന്നതെന്നും അന്വേഷണങ്ങളെ ഭയക്കുന്നില്ലെന്നും പിണറായി വിജയൻ പറഞ്ഞു.

✪✪✪

കേരളത്തിൽ NDA യ്ക്ക് അനുകൂല രാഷ്ട്രീയ സാഹചര്യമാണ് നിലനിൽക്കുന്നതെന്ന് BJP ദേശീയ ഉപാധ്യക്ഷൻ A.P. അബ്ദുള്ളക്കുട്ടി പറഞ്ഞു. കണ്ണൂർ പ്രസ് ക്ലബ് സംഘടിപ്പിച്ച മുഖാമുഖം പരിപാടിയിൽ

സംസാരിക്കുകയായിരുന്നു അദ്ദേഹം. കണ്ണൂരിൽ പ്രായം ചെന്നവരുടെ വീട്ടിൽ ചെന്ന് വോട്ട് ചെയ്യുന്ന സംവിധാനം അട്ടിമറിക്കാൻ CPIM ശ്രമിക്കുകയാണെന്നും അബ്ദുള്ളക്കുട്ടി പറഞ്ഞു.

✪✪✪

ആദ്യ ഘട്ട പോളിംഗ് നടക്കുന്ന സംസ്ഥാനങ്ങളിൽ INDI മുന്നണിക്ക് മുന്നേറ്റമുണ്ടാകുമെന്ന് AICC പ്രവർത്തക സമിതിയംഗം രമേശ് ചെന്നിത്തല പറഞ്ഞു. കാലിക്കറ്റ് പ്രസ്സ് ക്ലബ്ബിന്റെ മുഖാമുഖം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ ശക്തമായ ഭരണ വിരുദ്ധ വികാരമുണ്ടെന്നും ചെന്നിത്തല പറഞ്ഞു. രാഹുൽ ഗാന്ധിയെ വിമർശിക്കാനാണ് മുഖ്യമന്ത്രി സമയം കണ്ടെത്തുന്നതെന്നും ഗവൺമെന്റിന്റെ ഭരണ നേട്ടങ്ങൾ പറയാനല്ലെന്നും രമേശ് ചെന്നിത്തല കുറ്റപ്പെടുത്തി.

✪✪✪

കണ്ണൂർ ലോക്സഭാ മണ്ഡലം UDF സ്ഥാനാർഥി K. സുധാകരൻ അഴീക്കോട് നിയമസഭാ മണ്ഡലത്തിൽ പര്യടനം നടത്തുകയാണ്. LDF സ്ഥാനാർഥി M.V.ജയരാജൻ മട്ടന്നൂർ മണ്ഡലത്തിലും NDA സ്ഥാനാർഥി C. രഘുനാഥ് ഇരിക്കൂർ മണ്ഡലത്തിലുമാണ് പര്യടനം നടത്തുന്നത്.

✪✪✪

ലോക് സഭാ തെരഞ്ഞെടുപ്പിന് ഒരാഴ്ച മാത്രം ബാക്കി നിൽക്കെ കോഴിക്കോട് ലോക്സഭാ മണ്ഡലത്തിൽ പ്രചാരണം ശക്തമാക്കി മുന്നണികൾ. ദേശിയ നേതാക്കൾ കൂടി

എത്തിയതോടെ റാലികളും പൊതു സമ്മേളനങ്ങളും സജീവമായി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി നസീർ ബാബു

.........വോയ്സ്........

✪✪✪

കണ്ണൂർ ജില്ലയിൽ വീട്ടിൽ വോട്ടിംഗിലെ രഹസ്യ സ്വഭാവം പാലിക്കുന്നതിൽ വീഴ്ച വരുത്തിയ അഞ്ച് പോളിംഗ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു. മുതിർന്ന പൗരന്മാരെ വീട്ടിലെത്തി വോട്ട് ചെയ്യിക്കുന്ന പ്രക്രിയയിൽ ബാഹ്യ ഇടപെടൽ തടയാതിരുന്നതിനാണ് ഉദ്യോഗസ്ഥരെ ജില്ലാ തിരഞ്ഞെടുപ്പ് ഓഫിസർ കൂടിയായ ജില്ലാ കലക്ടർ, അരുൺ കെ വിജയൻ സസ്പെൻസ് ചെയ്തത്.

സ്പെഷ്യൽ പോളിങ് ഓഫീസർ, പോളിങ് അസിസ്റ്റന്റ്, മൈക്രോ ഒബ്സർവർ, സ്പെഷ്യൽ പോലീസ് ഓഫീസർ, വീഡിയോഗ്രാഫർ എന്നിവരാണ് സസ്പെൻഷനിലായത്

നിയമ വിരുദ്ധമായി പ്രവർത്തിച്ച വ്യക്തിക്കും, തിരഞ്ഞെടുപ്പു സംഘത്തിനുമെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കാൻ സിറ്റി പോലീസ് കമ്മീഷണർ വഴി കല്യാശ്ശേരി ഉപവരണാധികാരി ഔദ്യോഗികമായി കണ്ണപുരം പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

✪✪✪

തിരുവനന്തപുരത്ത് വോട്ടിംഗ് മെഷീനുകളിൽ തകരാർ ഉണ്ടായെന്ന വ്യാജവാർത്തയിൽ ജില്ലാ കളക്ടർ ചീഫ് ഇലക്ടറൽ ഓഫീസർക്ക് പരാതി നൽകി. പോളിംഗ് കേന്ദ്രങ്ങളിൽ സജ്ജമാക്കുന്ന വോട്ടിംഗ് മെഷീനുകളിൽ തകരാർ എന്ന രീതിയിൽ ഒരു ഓൺലൈൻ മാധ്യമമാണ് വ്യാജ വാർത്ത നൽകിയത്.

മോക്പോളിങ്ങിൽ വിവിപാറ്റ് സ്ലിപ്പുകളിൽ BJP-ക്ക് കൂടുതൽ വോട്ടുകൾ ലഭിച്ചതായി കാണിക്കുന്നുവെന്നാണ് വാർത്തയിൽ പറയുന്നത്. എന്നാൽ ഇത്തരത്തിൽ ഒരു സംഭവം ജില്ലയിൽ എവിടെയും കണ്ടെത്തിയിട്ടില്ലെന്ന് കലക്ടർ വ്യക്തമാക്കി.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ എറണാകുളം ചാലക്കുടി മണ്ഡലങ്ങളിൽ ഉപയോഗിക്കുന്ന ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ കമ്മീഷനിങ് പൂർത്തിയായി. പരിശോധന പൂർത്തിയാക്കിയ വോട്ടിംഗ് യന്ത്രങ്ങൾ അതത് വിതരണ കേന്ദ്രങ്ങളിലേക്ക് മാറ്റി.

✪✪✪

താളമേള വർണ്ണ വിസ്മയങ്ങൾ ഒരുക്കി തൃശ്ശൂർ പൂരം. കത്തുന്ന വേനൽചൂടിലും ജനലക്ഷങ്ങളാണ് തൃശിവ പേരൂരിന്റെ മണ്ണിലേക്ക് ഒഴുകിയെത്തിക്കൊണ്ടിരിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്.........

............വോയ്സ്.............

✪✪✪

കണ്ണൂർ പാനൂർ ബോംബ് സ്ഫോടനക്കേസിൽ മൂന്നുപേരെ കൂടി അറസ്റ്റു ചെയ്തു. വടകര മടപ്പള്ളിയിലെ ബാബു, കതിരൂർ ചുണ്ടങ്ങാപ്പൊയിലിലെ റജിലേഷ്, കിഴക്കെ കതിരൂർ സ്വദേശി ജിജോഷ് എന്നിവരാണ് അറസ്റ്റിലായത്. ഇതോടെ സ്ഫോടനക്കേസിൽ അറസ്റ്റിലായവരുടെ എണ്ണം 12 ആയി. ബോംബ് നിർമാണത്തിന് വെടിമരുന്ന് വാങ്ങിയത് ബാബുവിൽനിന്നാണെന്ന് അന്വേഷണസംഘം കണ്ടെത്തി. ഇയാളുടെ വീടിനടുത്തുനിന്ന് രണ്ടുകിലോ വെടിമരുന്ന് പോലീസ് കണ്ടെടുത്തു.

✪✪✪

ISL ഫുട്ബോൾ പ്ലേ ഓഫിൽ ഇന്ന് കേരളാബ്ലാസ്റ്റേഴ്സ് ഒഡീഷ FC-യെ നേരിടും. ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിൽ വൈകീട്ട് 7.30-നാണ് മത്സരം. ജയിക്കുന്ന ടീം സെമിഫൈനൽ യോഗ്യത നേടും.

✪✪✪

സ്വർണ്ണവില ഇന്നും വർദ്ധിച്ചു. പവന് 50 രൂപ കൂടി 54,520 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്. ഗ്രാമിന് 6,815 രൂപയാണ്.

✪✪✪

സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കും. ഇതിനായി ലേലം ചൊവ്വാഴ്ച റിസർവ്

ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും.

✪✪✪

സംസ്ഥാനത്ത് ഈ വർഷത്തെ മെഡിക്കൽ, എഞ്ചിനീയറിംഗ്, ഫാർമസി, ആർക്കിടെക്ചർ പ്രവേശന പരീക്ഷയായ " കീം" മിന് അപേക്ഷിക്കേണ്ട അവസാന ദിവസം ഇന്നാണ്. വൈകീട്ട് 5 മണിവരെ അപേക്ഷിക്കാം.

✪✪✪